കുറ്റവാളികളുടെ ബലാൽക്കാരമോചനം

(47) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസുകാർ അറസ്റ്റുചെയ്തവരെ പോലീസ് സ്റ്റേഷനിൽനിന്ന് ബലാൽക്കാരമായി മോചിപ്പിച്ചുകൊണ്ടുപോയ എത്ര സംഭവങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉണ്ടായിട്ടുണ്ട്;

(ബി) പോലീസ് സ്റ്റേഷന് പുറത്തുവച്ച് അത്തരം എത്ര സംഭവങ്ങൾ ഈ കാലഘട്ടത്തിൽ ഉണ്ടായിട്ടുണ്ട്;

(സി) ഇത് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) പോലീസ് സ്റ്റേഷനിൽനിന്ന് ബലാൽക്കാരമായി മോചിപ്പിച്ചുകൊണ്ടുപോയതും പോലീസ് സ്റ്റേഷനുപുറത്തുവച്ച് ബലാൽക്കാരമായി കക്ഷികളെ മോചിപ്പിച്ചുകൊണ്ടുപോയതും സംബന്ധിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകളിലെ പ്രതികൾ ഏതു രാഷ്ട്രീയകക്ഷികളുടെ അംഗങ്ങളോ അനുഭാവികളോ ആണെന്ന് പറയുമോ?

ഉത്തരം

(എ) ഇത്തരം ഒരു സംഭവവും റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) 39 സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) 39 കേസ്സുകൾ

(ഡി) കോൺ. (ഐ), ബി.ജെ.പി., മുസ്ലീം ലീഗ്, സി.പി.ഐ.(എം).

തലശ്ശേരി, കൂത്തുപറമ്പ്, പാനൂർ, ചൊക്ലി എന്നീ പോലീസ് സ്റ്റേഷൻ അതിർത്തിക്കുള്ളിലെ രാഷ്ട്രീയ സംഘട്ടനങ്ങൾ, കൊലപാതകങ്ങൾ

(48) ശ്രീ. ജി. കാർത്തികേയൻ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി, കൂത്തുപറമ്പ്, പാനൂർ, ചൊക്ലി എന്നീ പോലീസ് സ്റ്റേഷനുകളുടെ അതിർത്തിക്കുള്ളിൽ ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം എത്ര രാഷ്ട്രീയ കൊലപാതകങ്ങളും, രാഷ്ട്രീയ സംഘട്ടനങ്ങളും ഉണ്ടായിട്ടുണ്ട്;

(ബി) ഈ കാലഘട്ടത്തിൽ പ്രസ്തുത പോലീസ് സ്റ്റേഷനുകളുടെ അതിർത്തിക്കുള്ളിൽ എത്ര പേരുടെ കൈകാലുകൾ ഛേദിച്ചിട്ടുണ്ട്;

(സി) ഈ കാലഘട്ടത്തിനുള്ളിൽ തലശ്ശേരി ആർ.ഡി.ഒ. എത്ര സമാധാന യോഗങ്ങൾ വിളിച്ചുകൂട്ടിയിട്ടുണ്ട്;

(ഡി) അവിടെ കൂടുതൽ സമാധാനയോഗങ്ങൾ വിളിച്ചുകൂട്ടുവാനുണ്ടായ സാഹചര്യമെന്തെന്ന് വ്യക്തമാക്കുമോ;

(ഇ) നിരവധി സമാധാന യോഗങ്ങൾ ആർ.ഡി.ഒ. വിളിച്ചുകൂട്ടിയിട്ടും അവയെല്ലാം ലക്ഷ്യത്തിലെത്തിച്ചേരാത്ത സാഹചര്യത്തിൽ തലശ്ശേരി

LIBRARY ARCHIVES Kerala Legislative Assembly

നിയോജക മണ്ഡലത്തിന്റെ പ്രതിനിധിയായ മുഖ്യമന്ത്രി സമാധാനയോഗം വിളിച്ചുകൂട്ടി അവിടുത്തെ ക്രമസമാധാനനില നിയന്ത്രണ വിധേയമാക്കാത്തത് എന്തുകൊണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 15 രാഷ്ട്രീയ കൊലപാതകങ്ങളും 268 രാഷ്ട്രീയ സംഘട്ടനങ്ങളും ഉണ്ടായിട്ടുണ്ട്.

(ബി) അത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) കണ്ണൂർ ജില്ലയിൽ കഴിഞ്ഞ 4 വർഷത്തിനുള്ളിൽ അൻപതോളം സമാധാന യോഗങ്ങൾ വിളിച്ചുകൂട്ടിയിട്ടുണ്ട്.

(ഡി) ഇടവിട്ടുള്ള രാഷ്ട്രീയ സംഘട്ടനങ്ങൾ മൂലമാണ് ഇവിടെ ഇത്രയും സമാധാനയോഗങ്ങൾ വിളിച്ചുകൂട്ടേണ്ടി വന്നത്.

(ഇ) 6.12.1999-ൽ കണ്ണൂർ ജില്ലാ കളക്ടറേറ്റിൽ വച്ച് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വിവിധ രാഷ്ട്രീയ കക്ഷികളുടെ പ്രതിനിധികൾ സമാധാന യോഗം ചേർന്ന് കണ്ണൂരിൽ സമാധാനം പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

രാഷ്ട്രീയ സംഘട്ടനങ്ങൾ

(49) ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ എത്ര സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) ഇവയിൽ രാഷ്ട്രീയ സംഘട്ടനങ്ങളുടെ എണ്ണമെത്ര;

(സി) രാഷ്ട്രീയ സംഘട്ടനങ്ങളിൽ ഒട്ടാകെ എത്ര പ്രതികളുണ്ട്.

(ഡി) അവയിൽ സി.പി.ഐ.(എം) കക്ഷിയിലോ അതിന്റെ പോഷക സംഘടനകളിലോ അവരുടെ അനുഭാവികളിലോപ്പെട്ട എത്ര പേരുണ്ട്.

ഉത്തരം

(എ) 19665 എണ്ണം.

(ബി) 3285 എണ്ണം.

(സി) 30422 പ്രതികൾ.

(ഡി) 13810 പ്രതികൾ.

മദ്യലോബികളുടെ മർദ്ദനം സംബന്ധിച്ച കേസ്സുകൾ

(50) പ്രൊഫസർ എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മദ്യലോബികളുടെ മർദ്ദനത്തിന് വിധേയമായവരുടെ എത്ര കേസ്സുകൾ 1999 നവംബർ 30 വരെ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly